## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5178 — 30.06.2014 ന് മറുപടിയ്ക്ക്.

### പാലക്കാട് ജില്ലയിലെ വന്യജീവി ആക്രമണവും നഷ്ടപരിഹാരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) 2013-14 വർഷത്തിൽ പാലക്കാട് ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ എത്രപേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം നൽകുമോ ; | (എ) 2013-14 വർഷത്തിൽ പാലക്കാട് ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ 23 പേർ മരണപ്പെട്ടു. 18 പേർ പാമ്പുകടിയേറ്റും 4 പേർ കാട്ടാനയുടെ ആക്രമണത്തിലും ഒരാൾ കാട്ടുപന്നിയുടെ ആക്രമണത്തെത്തുടർന്നുമാണ് മരിച്ചത്. 45 പേർക്ക് പരിക്കേറ്റിട്ടുണ്ട്. കാട്ടുപന്നിയുടെ ആക്രമണത്തിൽ 16 പേർക്കും, പാമ്പുകടിയേറ്റ് 11 പേർക്കും, പേവിഷ ബാധയേറ്റ കുറുനരി കടിച്ചതിനാൽ 11 പേർക്കും, കാട്ടാനയുടെ ആക്രമണത്തിൽ 4 പേർക്കും, കരടിയുടെ ആക്രമണത്തിൽ 2 പേർക്കും കടുവയുടെ ആക്രമണത്തിൽ ഒരാൾക്കുമാണ് പരിക്കേറ്റത്. |
| (ബി) ഇതിൽ എത്ര പേർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; ഇനി എത്രപേർക്ക് നഷ്ടപരിഹാരം കൊടുക്കാനുണ്ട്; വിശദാംശം നൽകുമോ ; | (ബി) മരണം സംഭവിച്ച 13 പേരുടെ ആശ്രിതർക്കും പരിക്കേറ്റ 36 പേർക്കും നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. മരണമടഞ്ഞ 13 പേരുടെ ആശ്രിതർക്ക് 21 ലക്ഷം രൂപയും പരിക്കേറ്റ 36 പേർക്ക് 7,03,579/- രൂപയും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മരണമടഞ്ഞ 10 പേരുടെ ആശ്രിതർക്ക് 18 ലക്ഷം രൂപയും, പരിക്കേറ്റ 4 പേർക്ക് 1,16,175/- രൂപയും നഷ്ടപരിഹാരം നൽകുവാനുണ്ട്. പരിക്കേറ്റ ഒരാളുടെ അപേക്ഷ അയാൾ വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിരുന്നതിനാൽ നിരസിച്ചിട്ടുണ്ട്. മറ്റ് 4 പേർ ചികിത്സാ ചെലവിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. |
| (സി) വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്ന ആളുകൾക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുവാനുള്ള കാലാവധി 3 മാസം എന്നുള്ളത് 6 മാസമായി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ചികിത്സാ കാലാവധി കഴിഞ്ഞ് അപേക്ഷ സമർപ്പിക്കുന്നതിന് 6 മാസ കാലാവധി വളരെ പ്രയോജനമാകും എന്നത് പരിശോധിക്കുമോ? | (ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ